**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** | **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിന് ഉന്നതവിദ്യാഭ്യാസത്തിനുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന് പുറത്തും വിദേശത്തുമുള്ള സർവകലാശാലകളിൽ ഉന്നത വിദ്യാഭ്യാസം തേടുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ലോജിസ്റ്റിക്ക് പിന്തുണയും നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ പോസ്റ്റ് ഗ്രാഡ്യുവേഷൻ മുതലുള്ള പഠനത്തിനായി 04.10.2017 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ. 81/2017/പജപവവിവ പ്രകാരം പരമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ച് നൽകിയിരുന്നു.<br><br>**01.08.2023** ലെ സർക്കാർ ഉത്തരവ് (കൈ)നം. 5/2023/പജപവവിവ പ്രകാരം വിദേശപഠന സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള **ODEPC ( Overseas Development and Employment Promotion Consultants)** ന്റെ സഹകരണത്തോടെ "കേരള സർക്കാർ- ഉന്നതി വിദേശ പഠന സ്കോളർഷിപ്പ് " എന്ന പേരിൽ, വരുമാന പരിധി ഇല്ലാതെ, പരമാവധി 25 ലക്ഷം രൂപ വരെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്നു. |
| (ബി) | ആധുനിക നൈപുണ്യവികസന പരിശീലനം നൽകി പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗത്തിന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായി നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആധുനിക നൈപുണ്യവികസന പരിശീലനം നൽകി പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗത്തിന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.<br><br>**ഉന്നതി സ്റ്റാർട്ട് അപ്പ് മിഷൻ** അഭ്യസ്ഥവിദ്യരായ പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീ യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിന് വേണ്ടിയാണ് കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വിദ്യാഭ്യാസപരവും ആരോഗ്യപരവും സാമ്പത്തികപരവുമായ ഉന്നമനത്തിനും സാമൂഹ്യസുരക്ഷിതത്വം മെച്ചപ്പെടുത്തുന്നതിനുമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>**<u>ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ</u>**<br><br>അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് അവരവരുടെ താൽപര്യത്തിനും അഭിരുചിക്കും അനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും, തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി പല നല്ല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്.<br><br>**<u>സർക്കാർ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ</u>**<br><br>പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രേസ് എന്ന പദ്ധതിയിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഓഫീസുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ യുവതീ യുവാക്കളെ പ്രതിമാസ വേതനത്തോടെ അക്രഡിറ്റഡ് എഞ്ചിനീയറായും, ഓഫീസ് മാനേജ്മെന്റ് ട്രെയിനികളായും, നിയമിച്ച് തൊഴിൽ ഉറപ്പാക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ? | (സി) | ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പരിശീലനത്തിന്റെ ഭാഗമായി നാളിതുവരെ നടപ്പിലാക്കിയ ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ മേഖലയിലെ കോഴ്സുകൾ, ഓട്ടോമൊബൈൽ മേഖലയിലെ കോഴ്സുകൾ, കമ്പ്യൂട്ടർ ആന്റ് ഡിജിറ്റൽ മീഡിയിലെ കോഴ്സുകൾ, ഇൻഡസ്ട്രീയൽ ആന്റ് മാനുഫാക്ചറിംഗ് മേഖലയിലെ കോഴ്സുകൾ തുടങ്ങിയവയിലൂടെ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 515 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിലൂടെ ഒട്ടനവധി പട്ടികവർഗ്ഗ കുടുംബങ്ങളിൽ തൊഴിൽ ലഭ്യതയും വരുമാനവും ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാർ മേഖലയിലെ തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഓഫീസുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ 177 യുവതീ യുവാക്കൾക്ക് പ്രതിമാസം 18,000/- രൂപ നിരക്കിൽ അക്രഡിറ്റഡ് എഞ്ചിനീയറായും, പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസുകളിൽ 140 പേരെ ഓഫീസ് മാനേജ്മെന്റ് ട്രെയിനികളായും, നിയമിച്ച് തൊഴിൽ ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ